(സി) കെ.എസ്.ഐ.ഡി.സി.യുടെ പരിഗണനയിലുള്ള പദ്ധതിയായ ഡി.സി. പവർ ലിമിറ്റഡ് 354 കോടി രൂപ മുതൽ മുടക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

**പുല്ലൂർ കശുവണ്ടി ഫാക്ടറി തുറക്കാൻ നടപടി**

126 (1199) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള പുല്ലൂർ കശുവണ്ടി ഫാക്ടറി അടഞ്ഞു കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫാക്ടറി അടഞ്ഞു കിടക്കുന്നതിനാൽ നിരവധി തൊഴിലാളി കുടുംബങ്ങൾ പട്ടിയിണിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കശുവണ്ടി ഫാക്ടറി തുറക്കുവാൻ എന്തെങ്കിലും നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്ന് പ്രവർത്തനം പുനരാരംഭിക്കുന്നതിന് ബാങ്ക് വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ കൺസോർഷ്യം ബാങ്കുകളുമായി ചർച്ച നടത്തിവരികയാണ്. കോർപ്പറേഷൻ, ബാങ്കുകൾക്ക് നൽകുവാനുള്ള 110 കോടി രൂപയുടെ ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കുവാൻ തീരുമാനിച്ചു. കൂടാതെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി 80 കോടി രൂപയുടെ പാക്കിംഗ് ക്രെഡിറ്റിനും 40 കോടി രൂപയുടെ ലറ്റർ ഓഫ് ക്രെഡിറ്റിനുമുള്ള ഗ്യാരന്റി 2003 വർഷത്തേയ്ക്ക് പുതുക്കി നൽകാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

**ടാനിൻ നിർമ്മിക്കുന്ന ഫാക്ടറികൾ**

127 (1201) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടാനിൻ നിർമ്മിക്കുന്ന എത്ര ഫാക്ടറികളുണ്ട് ;

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ടാനിൻ നിർമ്മാണ ഫാക്ടറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly